## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3585.** **12.05.2017 ൽ മറുപടിയ്ക്ക്**

## കോളേജ്,സ്കൂൾ വിദ്യാർഥികളുടെ ഇടയിലുള്ള ലഹരിമരുന്ന് ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ. | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോളേജ്,സ്കൂൾ വിദ്യാർഥികളുടെ ഇടയിലുള്ള മദ്യം, മയക്കമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് കോളേജ്, സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിലുള്ള മദ്യം, മയക്കു മരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 8742 കേസുകൾ അബ്കാരി/എൻ.ഡി.പി.എസ്./ കോട്പ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. |
| (ബി) | സംസ്ഥാനത്ത് നിരോധിക്കപ്പെട്ട പാൻമസാലകൾ അന്യസംസ്ഥാന തൊഴിലാളികളിലൂടെയും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഒരു നിയന്ത്രണവുമില്ലാതെ കടന്നു വരുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ഇത്തരത്തിൽ നിരോധിത ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് റെയിൽവേ സ്റ്റേഷനുകളിലും സംയുക്ത പരിശോധനകൾ നടത്തി വരുന്നു.<br>നിരോധിക്കപ്പെട്ട പാൻമസാലകളുടെ കടത്ത്, സംഭരണം, വിൽപ്പന, ഉപഭോഗം എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതും സംസ്ഥാനത്തുടനീളം എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലി |

| | | | |
|---|---|---|---|
| | | | ജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിൽ പ്രതിവാരം ഒരു തവണ യെങ്കിലും ആകസ്മിക പരിശോധനകൾ 'ഓപ്പറേഷൻ ഭായി' എന്ന പേരിൽ എക്സൈസ് വകുപ്പ് നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**